# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

***( Under the Holy Apostolic See of Antioch and All the East )*** **Reg. No. ER/308/07**

**M.J.S.S.A. HEAD QUARTERS, PUTHENCRUZ - 682 308, KERALA, INDIA**

***General Secretary,***

**CHEV.M.J.MARKOSE**
**MAMALAYIL**
**EZHAKKARNAD P.O.**
**PUTHENCRUZ - 682308**
**PH: 0485 2246211**
**MOB. 9745046911**

**Website : www.mjssa.in**
**Email : mjssahq@gmail.com**
**Phone & Fax: 0484 -2730150**


**Date : 13.03.2017**

**To,**

**All Headmasters & Office bearers**

സർ,

വിഷയം :- എം.ജെ.എസ്.എസ്.എ. ക്യാമ്പ് സൈറ്റ് - ഫണ്ട് സമാഹരണം

സൂചന :- (1) എം.ജെ.എസ്.എസ്.എ. വാർഷീക പൊതുയോഗം, സെൻട്രൽ കമ്മിറ്റി എന്നിവയുടെ തിരുമാനങ്ങൾ

1920 ൽ രൂപംകൊണ്ട സൺഡേസ്കൂൾ പ്രസ്ഥാനം 1974- ൽ എം.ജെ.എസ്.എസ്.എ. എന്ന പേരിൽ ഒരു ഭരണഘടനാനുസൃതമായി പ്രവർത്തിച്ചുവരുന്നു. ഇന്നത്തെ ശ്രേഷ്ഠ കാതോലിക്കാ ആബൂൻ മോർ ഡോ.ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവാ ആദ്യപ്രസിഡന്റായി ചുമതലയേറ്റ് നീണ്ട പത്തുവർഷക്കാലം ഇതിനെ നയിക്കുകയും പ്രസ്ഥാനത്തിനായി ഒരേക്കർ സ്ഥലവും ഇന്നുള്ള കേന്ദ്ര ആസ്ഥാനവും നിർമ്മിക്കുകയുണ്ടായി.

ദൈവഹിതത്താൽ എം.ജെ.എസ്.എസ്.എ യുടെ പ്രവർത്തനങ്ങൾ വിവിധ മേഖലകളിലേക്ക് വ്യാപിപ്പിക്കുവാൻ ഇടയാക്കിയിട്ടുള്ള ഈ സാഹചര്യത്തിൽ സൺഡേസ്കൂൾ അദ്ധ്യാപകർ,കുട്ടികൾ, യുവജനങ്ങൾ, സഭാംഗങ്ങൾ എന്നിവരുടെ അദ്ധ്യാത്മീകവും, സാമൂഹികവുമായ വളർച്ചക്കായി വിവിധ പദ്ധതികൾക്കു രൂപം കൊടുത്തുവരുന്നു. അതിന്റെ ഭാഗമായി ധ്യാനയോഗങ്ങൾ, ചർച്ചാക്ലാസ്സുകൾ, കൗൺസലിംഗ് ക്ലാസ്സുകൾ, സെമിനാറുകൾ, വിദ്യാർത്ഥികൾക്കുള്ള കോച്ചിംഗ് ക്ലാസ്സുകൾ, വിശാലമായ ലൈബ്രറി, താമസമുറികൾ, മിനി കോൺഫറൻസ് ഹോൾ, വലിയ ഹോൾ എന്നീ സൗകര്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു ക്യാമ്പ് സൈറ്റ് പ്രൊജക്റ്റ് നിർമ്മിക്കുവാൻ എം.ജെ.എസ്.എസ്.എ. വാർഷീക പൊതുയോഗം തിരുമാനിച്ച് ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി സെൻട്രൽ കമ്മിറ്റി മുന്നോട്ടുപോകുകയാണ്.

മൂന്നു നിലകളിലായി നിർമ്മിക്കുന്ന ഈ പ്രൊജക്റ്റിന് 3 കോടി ക യാണ് ചെലവു കണക്കാക്കിയിട്ടുള്ളത്. ശ്രേഷ്ഠബാവയുടെ നിർദ്ദേശപ്രകാരം; ദിനംപ്രതി നിർമ്മാണചെലവു വർദ്ധിക്കുന്ന സാഹചര്യത്തിൽ ഒരു വർഷത്തിനകം പണികൾ പൂർത്തിയാക്കി അതിന്റെ കൂദാശ നിർവ്വഹിക്കണമെന്ന ലക്ഷ്യത്തോടെയാണ്ക്രമീകരണങ്ങൾ ചെയ്തുവരുന്നത്. എം.ജെ.എസ്.എസ്.എ കുടുബാംഗങ്ങളുടേയും സഭയുടേയും നമ്മൾ ഓരോരുത്തരുടേയും അഭിമാനമായ ഈ സ്വപ്ന പദ്ധതി സമയ ബന്ധിതമായി പൂർത്തിയാക്കുകയും അതിനായി 2.5 കോടി ക സമാഹരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. കുട്ടികൾ, അദ്ധ്യാപകർ, ഇടവകാംഗങ്ങൾ, ബഹുമാനപ്പെട്ട പള്ളികൾ എന്നിവരുടെ കൂട്ടായ സഹകരണത്തോടെയും പങ്കാളിത്തത്തോടേയും താഴെ പറയുന്ന വിധം അതു നിറവേറ്റണമെന്നതാണ് ലക്ഷ്യമിടുന്നത്.

1. കുട്ടികളിലൂടെയുള്ള 20 ക കുപ്പൺ കളക്ഷൻ (20/കയുടെ കൂപ്പണുകൾ കുട്ടികൾ അവരവരുടെ കുടുംബാംഗങ്ങൾക്കും സ്വന്തക്കാർക്കും നൽകി സമാഹരിക്കാവുന്നതാണ്.)
2. 100/ക, 200/ക, 300/ക, 500/ക, 1000/ക, 5000/ക, 10000/ക എന്നിങ്ങനെ സംഭാവനകൾ.
3. ഒരു ലക്ഷം, രണ്ട് ലക്ഷം, 5 ലക്ഷം, 10 ലക്ഷം എന്നിങ്ങനെ വ്യക്തികളും, സംഘടനകളും, ബഹു. പള്ളികളും സ്പോൺസർ ചെയ്യുക. (സിംഗിൾ റൂമുകൾ, ഡബിൾ റൂമുകൾ, മിനി ഹോൾ, വലിയ ഹോൾ, ലൈബ്രറി ഹോൾ എന്നിവ)
4. ഈ സദുദ്യമത്തിൽ സഭയിലെ മുഴുവൻ ഇടവാംഗങ്ങളുടേയും പങ്കാളിത്തം ബഹു. ഹെഡ്മാസ്റ്റർമാർ, അദ്ധ്യാപകർ, ബന്ധപ്പെട്ട ഭാരവാഹികൾ എന്നിവർ ഉറപ്പുവരുത്തേണ്ടതാണ്.
5. പതിനായിരം ക യും അതിനു മേലും സംഭാവനകൾ നൽകുന്നവരുടെ പേരു വിവരം എം.ജെ.എസ്.എസ്.എ. മെയിൻ ഹോളിൽ പരസ്യപ്പെടുത്തുന്നതും ഒരു ലക്ഷം, രണ്ട് ലക്ഷം, അഞ്ച് ലക്ഷം, പത്ത് ലക്ഷം എന്നീ തുകകൾ സംഭാവന നൽകുന്നവരുടെ പേരു വിവരം അതത് മുറികളുടെ മുന്നിൽ പരസ്യപ്പെടുത്തുന്നതിന് പുറമെ അവരുടെ സ്വന്തം ആവശ്യങ്ങൾക്കായി മെയിൻ ഹോൾ വാടക കൂടാതെ നൽകുന്നതുമാണ്. മറ്റ് സംഭാവനകളുടെ പേരുവിവരം ആത്മദീപം മാസികയിലൂടെ പരസ്യപ്പെടുത്തുന്നതുമാണ്.
6. കളക്ഷൻ തുകയുടെ 20% കുട്ടികൾക്കും സൺഡേസ്കൂളിനുമായി എടുക്കാവുന്നതാണ്.
7. കൂപ്പണുകളും, രസീതുകളും മുഴുവനുമായി കളക്റ്റു ചെയ്ത് കളക്ഷൻ തുക എല്ലാ മാസവും 10 -ാം തീയതിക്കകം അതുവരെയുള്ള തുകയും 30.06.2017 നകം മുഴുവൻ തുകകളും എം.ജെ.എസ്.എസ്.എ. യിൽ നേരിട്ടോ എം.ജെ.എസ്.എസ്.എ. യുടെ പേരിൽ ഫെഡറൽബാങ്ക് പുത്തൻകുരിശ് ശാഖയിലുള്ള 12230100086304 നമ്പർ എസ്.ബി. നിക്ഷേപ കണക്കിൽ അടച്ച് വിവരം **mjssahq@gmail.com** എന്ന അഡ്രസ്സിൽ മെയിൽ ചെയ്യുകയോ ചെയ്യേണ്ടതാണ്.

ഇതു സംബന്ധിച്ച ശ്രേഷ്ഠ കാതോലിക്കാ ബാവയുടെ കല്പന ബഹു.എല്ലാ പള്ളികൾക്കും അയക്കുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 2017 ഏപ്രിൽ 2-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബ്ബാനാനന്തരം ഫണ്ടു സമാഹരണത്തിന്റെ ഉത്ഘാടനം നിർവ്വഹിക്കേണ്ടതും ബാവായുടെ കല്പന മാർച്ച് 26-ാം തീയതി ഞായറാഴ്ച പള്ളികളിൽ വായിക്കേണ്ടതുമാണ്. കൽപനപ ള്ളിയിൽ വായിച്ചു എന്നത് ഹെഡ്മാസ്റ്റർമാർ ഉറപ്പുവരുത്തേണ്ടതാണ് പരമാവധി ആളുകളെ ഉദ്ഘാടന ചടങ്ങിൽ പങ്കാളികളാക്കുക യും വേണം. സൺഡേസ്കൂൾ ആദ്ധ്യാപകരും, കുട്ടികളും ഇടവകകളിലെ ഭവനങ്ങൾ സന്ദർശിച്ച് സമാഹരണം വിജയപ്രദമാക്കണം. ഒരു കുടുംബം പോലും ഇതിൽ നിന്നു മാറി നിൽക്കുവാൻ ഇടയാകരുത്. നൂറു രൂപയെങ്കിലും നൽകി ഇതിൽ പങ്കാളികളാകണം. സഭയ്ക്കും, സൺഡേസ്കൂൾ പ്രസ്ഥാനത്തിനും, സമൂഹത്തിനും അഭിമാനമായി ഈ സ്വപന പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ദൈവംതമ്പുരാൻ ഇടയാക്കത്തക്കവണ്ണം പ്രാർത്ഥനയോടെ നമുക്കൊരുങ്ങാം. നിങ്ങളേവരുടേയും ആത്മാർത്ഥമായ സഹകരണം ഇതിനുണ്ടാകുമെന്ന വിശ്വാസവും ഉറപ്പും എം.ജെ.എസ്.എസ്.എ.ക്കുണ്ട്. എല്ലാം ദൈവകരങ്ങളിൽ നമുക്കേൽപ്പിക്കാം.

**എന്ന്**

**മാത്യൂസ് അഫ്രേം മെത്രാപ്പോലീത്ത**
**പ്രസിഡന്റ്**

**ഷെവ.എം.ജെ. മർക്കോസ്**
**ജനറൽ സെക്രട്ടറി**